## പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം:- പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – തിരുവനന്തപുരം – സാങ്കേതികവിഭാഗം – തിരുവനന്തപുരം ജില്ല – തിരുവനന്തപുരം നഗരസഭ – പേരൂർക്കട വില്ലേജ് – കോമൺ വാൾട്ട് നിർമ്മാണം – കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: (1) തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനറുടെ 27/05/2024 തീയതിയിലെ LSGD/JD/TVM/2287/2024-P1 നമ്പർ കത്ത്

(2) ഫാദർ രാജൻ ജോർജ്ജ് & ഡോ. എം. വി. ജോർജ്ജ്, സെന്റ് ഗ്രിഗോറിയസ് ഓർത്തഡോക്സ് ചർച്ച്, പേരൂർക്കട എന്നിവരുടെ 03/05/2024 ലെ അപേക്ഷ

==========================================================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നം. LSGD/PD/20955/2024-TCPA1 തീയതി: 04-07-2024

==========================================================

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള പേരൂർക്കട വില്ലേജിൽ സർവ്വേ നമ്പർ 2469/116-5, റീസർവ്വേ നമ്പർ 400/49-ൽ ഉൾപ്പെട്ട 3077 ച.മീ. വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 50 അറകളുള്ള കോമൺ വാൾട്ട് (ബിൽറ്റ്-അപ്പ് ഏരിയ 73.60 ച മീ.), ടോയിലറ്റ് (ബിൽറ്റ്-അപ്പ് ഏരിയ 7.41 ച. മീ.), ശവക്കല്ലറകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുന്നതിനായി പരാമർശിത കത്തുകൾ മുഖേന ഫാ.രാജൻ ജോർജ്, ഡോ.എം.വി. ജോർജ്ജ് എന്നിവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ, 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി തിരുവനന്തപുരം നഗരസഭാ പ്രദേശത്ത് നിലവിൽ ബാധകമായ ഇടക്കാല വികസന ഉത്തരവിലെ സോണിംഗ് റെഗുലേഷൻസ് clause 3.16.2.2 പ്രകാരം ടി നിർമ്മാണത്തിന് ആവശ്യമായ ചീഫ് ടൗൺ പ്ലാനറുടെ കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർദ്ദിഷ്ട നിർമ്മാണം KMBR 2019-നും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം. KMBR 2019-ലെ ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ ലേ ഔട്ട് അംഗീകാരം, ബിൽഡിംഗ് പെർമിറ്റ്, ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് എന്നിവ അനുവദിക്കാവൂ.

2. നിർമ്മാണസ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, അതിരുകൾ, അളവുകൾ, സർവ്വേ വിശദാംശങ്ങൾ എന്നിവ ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലെന്നും, 2008-ലെ കേരള നെൽവയൽ